2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ദേശീയപാതാ വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി

4(*94) ശ്രീ. ബി. സത്യൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതാ വികസനത്തിന് സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) അന്തിമമായി എത്ര മീറ്റർ വീതിയിലാണ് റോഡ് വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത് ; ഇത് സംബന്ധിച്ച് നാഷണൽ ഹൈവേ അതോറിറ്റിയുമായി ധാരണയിലെത്തിയിട്ടുണ്ടോ ;

(സി) സ്ഥലമേറ്റെടുക്കൽ സംബന്ധിച്ച് എൻ.എച്ച്.എ.-യുടെ നിർദ്ദേശങ്ങൾ എന്തെല്ലാമാണ് ; ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഉറപ്പുകൾ എന്തെല്ലാമാണ്; ഇതു പാലിക്കപ്പെട്ടിട്ടുണ്ടോ ;

(ഡി) ദേശീയപാതാ വികസനത്തിന് എത്ര അളവിൽ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ഇ) ഇതിൽ എത്ര ശതമാനം ഭൂമി ഏറ്റെടുക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ; ബാക്കി സ്ഥലമെടുപ്പ് എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയാമോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ-സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട ദേശീയപാതകളായ എൻ.എച്ച്. 17-ഉം എൻ.എച്ച്.47-ഉം 45 മീറ്റർ വീതിയിൽ (ROW) നാലുവരിപ്പാതയായി വികസിപ്പിക്കുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇതിൽ എൻ.എച്ച്. 47-ലെ വാളയാർ മുതൽ വടക്കൻചേരി വരെയും തൃശ്ശൂർ മുതൽ ഇടപ്പള്ളി വരെയും സ്ഥലമേറ്റെടുത്ത് നിർമ്മാണം പൂർത്തിയാക്കി. വടക്കൻചേരി മുതൽ തൃശ്ശൂർ വരെയുള്ള ഭാഗം സ്ഥലമേറ്റെടുത്ത് 6 വരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ശേഷിക്കുന്ന തലപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ സ്ഥലമെടുപ്പ് അനിശ്ചിതമായി നീണ്ടുപോയ സാഹചര്യത്തിൽ ദേശീയപാതാ വികസന

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

അതോറിറ്റി ഈ ഭാഗത്തെ വികസന പദ്ധതിയിൽ നിന്നും പിൻമാറുകയുണ്ടായി. എന്നാൽ ദേശീയപാത വികസനത്തിനായി 45 മീറ്റർ വീതിയിൽ സ്ഥലം അടിയന്തരമായി ഏറ്റെടുത്ത് ദേശീയപാത അതോറിറ്റിക്ക് കൈമാറാം എന്ന സംസ്ഥാന സർക്കാരിന്റെ ഉറപ്പിന്റെയും, നിരന്തരമായ അഭ്യർത്ഥനയുടെയും അടിസ്ഥാനത്തിൽ കേന്ദ്ര മന്ത്രാലയവും ഈ പദ്ധതി പുനരാരംഭിക്കുവാൻ ദേശീയപാത അതോറിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പാതയുടെ വികസനത്തിനുവേണ്ട ഡി.പി.ആർ. തയ്യാറാക്കാൻ കേന്ദ്ര സർക്കാർ ടെണ്ടർ ക്ഷണിച്ചിട്ടുമുണ്ട്. ദേശീയപാതയുടെ വീതി 45 മീറ്റർ ആയി അംഗീകരിച്ച് ജി.ഒ. (എം.എസ്.) 94/2014/പി.ഡബ്ല്യു.ഡി. തീയതി 25-10-2014 പ്രകാരം ഉത്തരവ് ഇറക്കിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കുന്നതിനായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ ഒരു ഉന്നതല കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. അലൈൻമെന്റ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് നടപടികൾ പുനരാരംഭിക്കുന്നതാണ്.

(ഡി) തവപ്പാടി മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയപാത വികസനത്തിന് 1233.24 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടിവരും എന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ 8.77 ഹെക്ടർ സ്ഥലം മാത്രമേ ഇതുവരെ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ. കൂടാതെ വാഴയാർ മുതൽ ഇടപ്പള്ളി വരെയുള്ള പ്രദേശത്ത് ആവശ്യമായ 200.77 ഹെക്ടർ സ്ഥലവും ഏറ്റെടുത്തിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ദേശീയപാത വികസനത്തിന് ആവശ്യമായ ഭൂമിയിൽ ആകെ 146 ശതമാനം മാത്രമേ ഇതുവരെ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. അലൈൻമെന്റ് സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് നടപടികൾ പുനരാരംഭിക്കുന്നതാണ്.

പ്രത്യേക പദവിയുള്ള ഉന്നത വിദ്യാഭ്യാസ മേഖല

5(495) ശ്രീ. സി. ദിവാകരൻ :

ശ്രീ. കെ. രാജു :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രത്യേക പദവിയുള്ള ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് അനുമതി നൽകാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;